
മാതൃഭൂമി
നഗരഭൂമി
2008 ഫിബ്രവരി 22 വെള്ളി
Supplement to Mathrubhumi Daily dated 22.2.2008



ചരിത്ര വിജയം

സി. ഹരികുമാർ

ഒരു കാര്യത്തിൽ പിണറായി വിജയന് സമാധാനിക്കാം. കോട്ടയം സമ്മേളനത്തോടെ പാർട്ടിയിലെ വിഭാഗീയത തീർന്നുകിട്ടി. വിഭാഗീയതയെന്നൊക്കെ പറയുന്നത് ചീത്ത ഏർപ്പാടാണ്. തമ്മിൽകണ്ടിട്ടും കാണാത്ത രീതി നടിക്കുക, കാണേണ്ടിവന്നാൽത്തന്നെ കൊഞ്ഞനം കുത്തുക, ഓരോ അംഗവിക്ഷേപം നടത്തുക, തറുതല പറയുക, കണ്ണിറുക്കിക്കാണിക്കുക, നീട്ടി നീട്ടി പ്രസംഗിക്കുക, ജൂബാ ധരിക്കുക, തിരഞ്ഞെടുപ്പിൽ മത്സരിക്കുക, ശർമയെയും ഗുരുദാസനെയും മന്ത്രിയാക്കുക, ഒന്നാം നമ്പർ സ്റ്റേറ്റ് കാറിൽ സഞ്ചരിക്കുക, മന്ത്രിസഭായോഗം നടക്കുന്ന ബുധനാഴ്ച തോറും പത്രസമ്മേളനം നടത്തുക.... ഇതൊക്കെയാണ് വിഭാഗീയ പ്രവർത്തനങ്ങളുടെ ലക്ഷണങ്ങൾ.

ഇതൊന്നും പാർട്ടിയുടെ വളർച്ചയ്ക്ക് നന്നല്ല. പിന്നെ പാർട്ടിയുടെ വളർച്ചയ്ക്ക് എന്തൊക്കെവേണം? അടിസ്ഥാന വർഗത്തിൻെറ ഉയർച്ച ലക്ഷ്യമാക്കി പലതും ചെയ്യാനുണ്ട്. സാൻറിയാഗോ മാർട്ടിൻെറ കൈയിൽ നിന്ന് ഒന്നോ രണ്ടോ കോടി രസീതില്ലാതെ പിരിക്കണം. ഫാരീസ് അബൂബക്കറിനും അവസരം നൽകണം. എച്ച്.എം.ടി. ഭൂമി ഫ്ലാറ്റ് കെട്ടാൻ കൊടുക്കാം. മൂന്നാറിലെ സർക്കാർ ഭൂമി ഇഷ്ടമുള്ളവർ കൈയേറട്ടെ. പള്ളി, പട്ടക്കാർ, വാളും കലപ്പയുമേന്തി മന്നത്തിൻെറ പിറകെ കൂടിയവർ ഇവരെയൊക്കെ പുലഭ്യം പറയാം. കോടികൾ മുടക്കി കോട്ടയത്ത് സമ്മേളനം നടത്താം. അതിൻെറ ഒടുവിൽ കുപ്പിയേറ്, കൊടി കെട്ടിയ പത്തലുകൊണ്ട് തമ്മിലടി എന്നിവ നടത്താം. ഇതോടെ അധ്വാനിക്കുന്ന വർഗം കമ്യൂണിസ്റ്റ് സ്വർഗത്തിലെത്തും.

ഇനി പിണറായി വിജയന് കൂടുതൽ സൗകര്യമായി. ഭരണത്തിന് മാർഗരേഖ ചമയ്ക്കുന്ന പണികൂടി കിട്ടി. എന്താണ് ഈ മാർരേഖ? അച്യുതാനന്ദനെന്ന മുഖ്യമന്ത്രിയെ ഒരു ചാക്കിൽക്കെട്ടി മൂലയ്ക്കു ചാരിയിരുത്തുകയാണ് ആദ്യപടി. ഇപ്പോഴും അങ്ങനെയൊക്കെത്തന്നെയെന്നത് മറ്റൊരു കാര്യം. ഇതുവരെ ഈ പണി ചെയ്തിരുന്നത് ഘടകകക്ഷി മന്ത്രിമാരായിരുന്നു. അവർക്ക് സംഗതി മടുത്തപ്പോൾ എളമരം കരീം ഇപ്പണി സ്വയം ഏറ്റെടുത്തു. ഇനിയിപ്പോൾ പിണറായി വിജയൻ നേരിട്ട് ഏറ്റെടുക്കാൻ പോവുകയാണ്.

വക്രദൃഷ്ടി

പാർട്ടി സെക്രട്ടറിയുടെ പണി മടുത്തു. പണ്ടൊക്കെ പാർട്ടി സെക്രട്ടറിയെന്നു പറഞ്ഞാൽ ഒരു നിലയും വിലയുമൊക്കെ ഉണ്ടായിരുന്നു. ബ്രാഞ്ച്, ലോക്കൽ, ഏരിയാ, ജില്ലാ കമ്മിറ്റികളിൽ എപ്പോഴും കയറിച്ചെല്ലാം. ആരെക്കണ്ടാലും മുണ്ടിൻെറ മടക്കിക്കുത്ത് അഴിച്ചിടണമെന്നില്ല. ഭരണം കിട്ടിയാൽ ഒരു മാതിരിപ്പെട്ട കാര്യങ്ങളെല്ലാം സ്വയം തീരുമാനിക്കാം. മുഖ്യമന്ത്രി എന്നൊരാൾ ഉണ്ടായെന്നുവരാം. രാവിലെയും വൈകിട്ടും എ.കെ.ജി. സെൻററിലെ സെക്രട്ടറിയുടെ മുറിയിൽ കുളിച്ചു തൊഴുകയാണ് മുഖ്യമന്ത്രിയുടെ പ്രധാന പണി. ബാക്കിയുള്ള നേരം സ്റ്റേറ്റ് കാറിൽ കയറി ഉലകം ചുറ്റാം. കാറും ഡ്രൈവറുമൊക്കെ സർക്കാർ ഏർപ്പാട് ചെയ്യും.

ഇതൊക്കെക്കണ്ടാണ് പിണറായിയിലെ പാറപ്പുറത്തുനിന്ന് വിജയൻ പാർട്ടിയിൽ വന്നത്. ഇന്നിപ്പോൾ കുളിച്ചു തൊഴാൻ ആരും വരുന്നില്ല. കോടിയേരി വല്ലപ്പോഴും വന്ന് പൂമൂടും. പാലോളി തരക്കേടില്ല. എം. വിജയകുമാർ പതിവുകാരനല്ല. മന്ത്രി ബേബിക്ക് കോടതികൾ കയറിയിറങ്ങാൻ പോലും സമയം കിട്ടുന്നില്ല. സുധാകരൻ സഖാവ് മാത്രം മുടങ്ങാതെ ഉരുൾ വഴിപാട് നടത്തുന്നുണ്ട്. ഇടക്കിടെ ഭരണിപ്പാട്ടു പാടി സ്തുതിക്കും. കേൾക്കാനിമ്പമുണ്ട്. ചെവിപൊത്തിക്കൊണ്ടു കേൾക്കുന്നതാണ് പരമസുഖം.

ഇതുകൊണ്ടൊക്കെത്തന്നെയാണ് ഇഷ്ടമില്ലെങ്കിലും പാർലമെൻററി വ്യാമോഹത്തിലേക്ക് ശ്രദ്ധ തിരിച്ചത്. ജനാധിപത്യത്തിൽ പരമവിശ്വാസമാണ്. അതുകൊണ്ടാണ് കോട്ടയം സമ്മേളനത്തിൽ വി.എസ്സിന് ജയ് വിളിച്ചപ്പോൾ സഹിക്കാൻ കഴിയാതിരുന്നത്. ഒന്നുകിൽ പാർട്ടിക്ക് ജയ് വിളിക്കാം. ഏറി വന്നാൽ പാർട്ടി സെക്രട്ടറിക്ക്. മുഖ്യമന്ത്രിക്കു ജയ് വിളിക്കുന്നത് കമ്യൂണിസ്റ്റ് രീതിയല്ല. - കമ്യൂണിസ്റ്റുകാരുടെ അച്ചടക്കരീതി അതല്ല. അതു കള്ളു കുടിയന്മാരുടെ രീതിയാണ്. ഇത്തരമാളുകളെ കൊടിക്കമ്പു വെച്ച് അടിക്കാനാണ് റെഡ് വളണ്ടിയർമാരെ പാൻറും ഷർട്ടും ഷൂസും കൊടുത്ത് നിർത്തിയിരിക്കുന്നത്. മനസ്സിലായില്ലേ?

*** ***

പിൻകുറിപ്പ്: പെണ്ണുമ്പിള്ള കേന്ദ്രത്തിൽ ആസനം ഉറപ്പിക്കട്ടെ- മന്ത്രി ജി. സുധാകരൻ.

കമൻറ്: ഏതായാലും സുധാകരന് കേരളത്തിലെ ആസനം സ്ഥിരമല്ലെന്നുറപ്പുണ്ട്.

പ്രശ്നവശാൽ

ഗോപീകൃഷ്ണൻ

